**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **6494** — 11.07.2012 - ൽ മറുപടിക്ക്

**അരീക്കോട് ഇരട്ടക്കൊലക്കേസിലെ ആറാം പ്രതിയുടെ പ്രസംഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അരീക്കോട് ഇരട്ടക്കൊലക്കേസിലെ ആറാംപ്രതി കൊലപാതകം നടക്കുന്നതിന് ഒരാഴ്ചമുമ്പ് 03.06.2012-ന് ഒരു കുടുംബ സഹായനിധി വിതരണം ചെയ്യുന്ന ചടങ്ങിൽ വച്ച് പ്രകോപനപരമായി പ്രസംഗിച്ചത് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസംഗത്തിൽ 'ആരെയും വെറുതെ വിടില്ല' എന്ന പ്രഖ്യാപനം ആറാം പ്രതി നടത്തിയിട്ടുണ്ടായിരുന്നുവോ ; | (എ) പ്രസ്തുത കേസുമായി ബന്ധപ്പെട്ട രജിസ്റ്റർ ചെയ്ത FIR ലെ ആറാം പ്രതി പ്രസംഗിച്ചത് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകോപനപരമായിരുന്നോ എന്നത് കേസ് അന്വേഷണത്തിന്റെ ഭാഗമായി പരിശോധിച്ചു വരികയാണ്. |
| (ബി) പ്രസ്തുത പ്രതിയെ അറസ്റ്റ് ചെയ്ത് പ്രതിക്ക് കൊലപാതകത്തിൽ ഉള്ള പങ്ക് സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; | (ബി) കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (സി) പ്രസ്തുത പ്രതിയെ അറസ്റ്റ് ചെയ്യാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ആറാം പ്രതി കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അന്വേഷണത്തിൽ നാളിതു വരെ തെളിഞ്ഞിട്ടില്ലാത്തതിനാലാണ് അറസ്റ്റ് ചെയ്യാത്തത്. ടി കേസിൻമേൽ ഊർജിത അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ